പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *440** **27.06.2014 ലെ മറുപടിയ്ക്ക്**

## കാർഷിക ഉല്പാദന ചെലവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.നാരായണൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് സാധ്യമാകുന്നുണ്ടോ; | **(എ)** കൃഷിക്കാരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിന് പ്രധാനപ്പെട്ട വിളകളായ നെല്ലിനും നാളികേരത്തിനും സംഭരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ പഴങ്ങളും പച്ചക്കറികളും വിപണനം നടത്തുമ്പോൾ കർഷകർക്ക് ന്യായമായ വില ലഭിക്കത്തക്ക വിധത്തിലുള്ള സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു. റബ്ബർ വിലയിടിവ് നേരിടുന്നത് സഹായകമായി റബ്ബർ സംഭരിക്കുന്നതിനുള്ള പദ്ധതിയും ഇപ്പോൾ നടപ്പിലാക്കിവരുന്നു. കൂടാതെ, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും കർഷകരുടെ ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനുമായി വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ സ്വാശ്രയ കർഷക സമിതികൾ സംസ്ഥാനത്തുടനീളം പ്രവർത്തിച്ച് വരുന്നു. |
| **(ബി)** കാർഷിക ഉല്പാദന ചെലവിൽ വൻ വർദ്ധന നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | **(ബി)** ഉണ്ട്. |
| **(സി)** കാർഷിക ഉല്പാദക സംഘങ്ങൾ സ്ഥാപിക്കുന്നതിനും ഉല്പന്നങ്ങൾ കേടു കൂടാതെ സൂക്ഷിക്കുന്നതിന് കർഷക മാർക്കറ്റുകൾ സ്ഥാപിക്കുന്നതിനും ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശ ദാംശങ്ങൾ വെളിപ്പെടുത്താമോ? | **(സി)** കർഷക ഉല്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന ആരംഭിച്ചിട്ടുണ്ട്.<br>ഇതിനുപുറമെ എറണാകുളം ജില്ലയിലെ വാഴക്കുളത്ത് പൈനാപ്പിൾ ഉല്പാദക കർഷക സംഘവും പാലക്കാട് ജില്ലയിൽ മുതലമടയിൽ മാവിന്റെ ഉദ്പാദക സംഘവും രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാർഷിക ഉല്പന്നങ്ങൾ കേട് കൂടാതെ സൂക്ഷിക്കുന്നതിന് സംസ്ഥാന കൃഷികർഷക ഉല്പാദക സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന ആരംഭിച്ചിട്ടുണ്ട്. ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ ഉള്ള വേൾഡ് മാർക്കറ്റുകളായ കോഴിക്കോട്, വേങ്ങേരി, |

മൂവാറ്റുപുഴ, തിരുവനന്തപുരം, ആനയറ എന്നിവിടങ്ങളിൽ ശീതീകരണ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ പാലക്കാട്, ഇടുക്കി, കൊല്ലം, തൃശ്ശൂർ എന്നിവിടങ്ങളിൽ നാല് ശീതീകരണ യൂണിറ്റുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ